വീഴ്ചാണ്; അവരുടെ ഭാഗത്തുനിന്ന് വരാൻ പാടില്ലാത്ത, ഉണ്ടാകാൻ പാടില്ലാത്ത വീഴ്ചയാണ്. അടുത്ത ബന്ധുക്കൾ വന്ന് മൃതദേഹം ഐഡന്റിഫൈ ചെയ്ത ഇവിടെ നിന്ന് കൊണ്ടുപോയി വളരെയധികം ആളുകൾ പങ്കെടുത്താണ് ശവദാഹം നടത്തിയത്. അത് എങ്ങനെ സംഭവിച്ചു, അതിന്റെ സാഹചര്യങ്ങൾ എന്താണ് എന്നതിനെക്കുറിച്ചും പോലീസ് അന്വേഷിക്കും. ഇത്രയധികം ആളുകൾ മൃതശരീരം കണ്ടിട്ടും കൃത്യമായി ഐഡന്റിഫൈ ചെയ്യാതെ പോയതിനെക്കുറിച്ചും അന്വേഷിക്കും. ഇതിന് ഉത്തരവാദികളായിട്ടുള്ളവർ പ്രാരംഭ റിപ്പോർട്ടിൽ വന്നിട്ടുള്ളത് ജി. വേണുഗോപാലൻ നായർ, ഹെഡ് വാർഡൻ, എസ്. ശശികുമാരൻ നായർ, ചീഫ് വാർഡൻ, ശ്രീ. എ. എൻ. സുകുമാരൻ, അസിസ്റ്റന്റ് ജയിലർ ശ്രീ. ശശാങ്കൻ, ഹെഡ് വാർഡൻ, ശ്രീ. രഞ്ജിത്കുമാർ എന്നിവരാണ്. ഈ അഞ്ചു പേരെയാണ് സസ്പെൻഡ് ചെയ്തിരിക്കുന്നത്. വിശദമായിട്ടുള്ള അന്വേഷണം ജയിൽ ഡി. ഐ. ജി. നടത്തി മൂന്നു മാസത്തിനകം റിപ്പോർട്ട് തരും. അതിന്റെ അടിസ്ഥാനത്തിൽ മറ്റു കാര്യങ്ങളിലേയ്ക്കും നോക്കും. എല്ലാ ചികിത്സയും കിട്ടിയതിനുശേഷമാണ് അദ്ദേഹം മരിക്കുന്നത്. ഏതെങ്കിലും വിധത്തിലുള്ള ഒരു വീഴ്ച ചികിൽസ കിട്ടുന്ന കാര്യത്തിലോ മറ്റ് കാര്യങ്ങളിലോ ഉണ്ടായിട്ടില്ലായെങ്കിലും ഇങ്ങനെ ആയ മാറി മൃതദേഹം മറവുചെയ്ത പ്രത്യേക ഒരു സാഹചര്യം ഗൗരവപൂർണ്ണമായി ഗവൺമെന്റ് ഉൾക്കൊള്ളുന്നു. അതിനുപരി ശ്രീ. മോഹൻകുമാർ ഇവിടെ ഉന്നയിച്ചത്, ഇതൊരു മാനുഷിക പ്രശ്നമാണ് എന്നുള്ളതാണ്. കാരണം അമ്മ മരിച്ചു, അമ്മയുടെ മരണവുമായി ബന്ധപ്പെട്ടാണ് ഇദ്ദേഹം ജയിലിലായത്. ഇപ്പോൾ അച്ഛനും മരിച്ചു. ആ രണ്ടു കുട്ടികളെ സഹായിക്കാനും വളർത്താനും സാധിക്കത്തക്കവിധത്തിൽ സാമ്പത്തിക ശേഷിയുള്ള അടുത്ത ബന്ധുക്കൾ ആരുമില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആ രണ്ടു കുട്ടികളും ഇന്ന് രാവിലെ വന്ന് എന്നെ കണ്ടു. എനിക്ക് നിവേദനങ്ങൾ തന്നിട്ടുണ്ട്. സർ, ആ രണ്ടു കുട്ടികളുടെ കാര്യത്തിലും അവരുടെ സംരക്ഷണത്തിന്റെ കാര്യത്തിലും ഗവൺമെന്റ് ചെയ്യാവുന്നതെല്ലാം ചെയ്യും. അത് ആലോചിച്ച് ഉടനെ തീരുമാനമെടുക്കുമെന്നുകൂടി പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

(2) പാലക്കാട് ജില്ലയിൽ മീന എന്ന യുവതി ആത്മഹത്യ ചെയ്തതു സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: പാലക്കാട്, എലപ്പുള്ളി, മുദിരംപള്ളം പാറയിൽ താമസിക്കുന്ന കൃഷ്ണകുമാറിന് വിവാഹം ചെയ്തു കൊടുത്ത പാലക്കാട് മുനിസിപ്പാലിറ്റിയിലെ മാങ്കാവിൽ താമസിക്കുന്ന ഇന്ദിരയുടെ മകൾ മീന ഭർതൃഗൃഹത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ട സംഭവത്തിൽ വേണ്ട രീതിയിൽ അന്വേഷണം നടത്തിയിട്ടില്ല എന്നുള്ള പരാതിയാണ് സബ്മിഷനായിട്ട് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. 2005 ഏപ്രിൽ 3-ാം തീയതിയാണ് വരന്റെ വീട്ടുകാർ ആവശ്യപ്പെട്ട 25,000 രൂപയും 30 പവന്റെ ആഭരണങ്ങളും നൽകി വിവാഹം നടത്തിക്കൊടുത്തത്. സ്ത്രീധനത്തിന്റെ പേരിൽ ഭർത്താവും ഭർത്താവിന്റെ അച്ഛനും അമ്മയും നിരന്തരമായി തന്നെ പീഡിപ്പിച്ചിരുന്നു എന്ന് മീന പറയുമായിരുന്നു. 25,000 രൂപയുടെ വലിപ്പം പറഞ്ഞ് ആ കുട്ടിയെ ഇടയ്ക്കിടക്ക് കളിയാക്കുമായിരുന്നു എന്നും വീട്ടുവേലക്കാരിയെ ഒഴിവാക്കി മീനയെ വീട്ടുജോലികൾ മുഴുവൻ ചെയ്യിക്കുകയും ആഹാരം നൽകാതിരിക്കുകയും ആഹാരം കഴിക്കുന്നതിനുവേണ്ടി സ്വന്തം വീട്ടിൽ വരേണ്ട സ്ഥിതിവിശേഷമടക്കമുണ്ടാക്കുകയും ചെയ്തിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നും ആ വീട് സന്ദർശിച്ചപ്പോഴും മീനയുടെ അമ്മ കരഞ്ഞുകൊണ്ട് പറയുകയുണ്ടായി. തന്റെ വീട്ടിൽ വച്ച് എന്ത് സംഭവിച്ചാലും ആരും ഒന്നും അറിയില്ലായെന്ന് പറഞ്ഞ് ഭർത്താവ് ആ കുട്ടിയെ ഭീഷണിപ്പെടുത്തുമായിരുന്നു. മീനയുടെ വീട്ടിൽ അമ്മ ഇന്ദിരയും അവിവാഹിതയായ ചേച്ചിയും മാത്രമേയുള്ളൂ എന്നതുകൊണ്ടുതന്നെ മീന തന്റെ വിഷമങ്ങളൊന്നും മുഴുവനായി അമ്മയോട് പറയുമായിരുന്നില്ല. തൂങ്ങിമരിച്ചു എന്നു പറയുന്ന ദിവസത്തിന് തലേന്ന് ഭർത്താവിന്റെ വീട്ടിൽ എന്തൊക്കെയോ പ്രശ്നങ്ങളും നടന്നിട്ടുണ്ട്. ഭർത്താവ് കൃഷ്ണകുമാർ മാങ്കാവിലുള്ള മീനയുടെ വീട്ടിൽ വിളിച്ച് നാളെ ബന്ധുക്കളും ആരെങ്കിലും അവിടെ ചെല്ലണമെന്ന് ആവശ്യപ്പെട്ടിരുന്നു. മീന തന്നെ വിളിച്ച് താൻ രാവിലെ അങ്ങോട്ടു വരുന്നു എന്നും പറഞ്ഞിരുന്നു. സംഭവം നടന്ന ദിവസം രാവിലെ മീനയുടെ അമ്മായിഅമ്മയാണ് മീനയുടെ അമ്മയെ വിളിച്ച് നിങ്ങളുടെ മകൾ അടുക്കളയിൽ തൂങ്ങി നിൽക്കുന്നു എന്ന വിവരം അറിയിക്കുന്നത്. അയൽവാസികളുമായി യാതൊരു ബന്ധവും ഇല്ലാത്തവരാണ് ഇവർ. മീന യാതൊരു തരത്തിലും ആത്മഹത്യ ചെയ്യുകയില്ലായെന്ന് മീനയുടെ അമ്മയും സഹോദരിയും പറയുകയാണ്. വിവാഹം കഴിഞ്ഞ് 90 ദിവസം കഴിയുന്നതിനുമുമ്പ് അവൾ ആത്മഹത്യ ചെയ്തത്, അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽത്തന്നെ അതിൽ ഭർത്താവും ഭർത്താവിന്റെ വീട്ടുകാരുമാണ് ഉത്തരവാദികളെന്ന് പൂർണ്ണമായി ഞാൻ വിശ്വസിക്കുകയാണ്. എന്നാൽ ഇതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് പോലീസ് അന്വേഷണം നടത്തുന്നില്ല എന്നുള്ളതാണ് വസ്തുത. കേസ് എടുത്തിട്ടുണ്ട്, ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ഞാൻ വിളിച്ചന്വേഷിച്ചപ്പോഴും പോലീസ് പറഞ്ഞത്, കൃഷ്ണകുമാറിനെ കാണാനില്ല, അതുകൊണ്ട് അറസ്റ്റ് ചെയ്തില്ല എന്നുള്ളതാണ്. മിനിഞ്ഞാന്ന് ഞാൻ വീണ്ടും വിളിച്ച് അന്വേഷിച്ചപ്പോഴും പറയുന്നത് അവൻ ജാമ്യത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. അപ്പോഴും ജാമ്യം എടുക്കുന്നതിനുള്ള സൗകര്യമാണ് പോലീസ് ചെയ്തുകൊടുക്കുന്നത് എന്നാണ് മനസ്സിലാക്കുന്നത്. സ്ത്രീപീഡനത്തിന് കേസ്സെടുത്ത് നിയമനടപടികളും സ്വീകരിക്കുന്നതിനുപകരം അയാളെ കാണാനില്ലെന്നു പറഞ്ഞുകൊണ്ട് 21 ദിവസം കഴിയുമ്പോൾ അയാൾക്ക് ജാമ്യം കിട്ടാൻ സഹായം ചെയ്തുകൊടുക്കുന്ന പോലീസ് നടപടി ഏറ്റവും ശക്തമായ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ട്. മധുവിധു കഴിയുന്നതിനുമുമ്പ് ജീവിതവും ജീവനും നഷ്ടപ്പെട്ട മീനയ്ക്ക് നീതി നൽകണം; ഉത്തരവാദപ്പെട്ട മുഴുവൻ ആളുകളുടേയും പേരിൽ കർശനമായിട്ട് നടപടികളും സ്വീകരിക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ മീന എന്ന യുവതി 29-6-2005-ൽ ഭർതൃഗൃഹത്തിൽ തൂങ്ങിമരിച്ചതായി കാണപ്പെട്ടു. മീനയുടെ അമ്മാവന്റെ പരാതിപ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. സ്ത്രീധനത്തെ ചൊല്ലി ഭർത്താവ് കൃഷ്ണകുമാറും അയാളുടെ മാതാപിതാക്കളും മീനയെ ശാരീരികമായും മാനസികമായും നിരന്തരമായി പീഡിപ്പിച്ചതിലുള്ള മനോവിഷമത്തിലാണ് മീന ആത്മഹത്യ ചെയ്തതെന്ന് പോലീസിൽ കൊടുത്ത പരാതിയിൽ പറയുന്നുണ്ട്. പോലീസ് ഇതിനോടകം തന്നെ സാക്ഷികളെക്കണ്ട് ചോദിച്ചതിൽ സ്ത്രീധനമല്ല, മറിച്ച് ഭർത്താവുമായിട്ട് പിണങ്ങി ഇടയ്ക്കിടക്ക് വഴക്കുണ്ടാകുകയും വീട്ടിൽ അസുഖകരമായിട്ടുള്ള സംഭവങ്ങളും ഉണ്ടാകുകയും ചെയ്തതിന്റെ



LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ഇവർ തുങ്ങിമരിച്ചു എന്നുള്ളതിന്റെ പേരിൽ, സ്ത്രീ പീഡനത്തിനുതന്നെയാണ് കേസ് എടുത്തിരിക്കുന്നത്. എങ്കിലും ബഹു മാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ സ്ഥിതിക്ക് സ്ത്രീധനപീഡനത്തിന്റെ പേരിലുള്ള കേസ് ഒന്നുകൂടി പരിശോധിക്കാനായിട്ട് പ്രത്യേകം നിർദ്ദേശം നൽകുകയാണ്. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല, എത്രയും വേഗം പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കും.

(3) ശ്രീകണ്ഠപുരം കേന്ദ്രമായി ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് കോടതി

ശ്രീ. കെ. സി. ജോസഫ്: സർ, തളിപ്പറമ്പ് കോടതിയിൽ കേസുകളുടെ ബാഹുല്യം, മൂലവും കേസുകൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യം കണക്കിലെടുത്തും മലയോര മേഖലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ചും ഹൈക്കോടതിയുടെ മുൻഗണനാ പട്ടികയിൽ 11-ാം സ്ഥാനത്തുള്ള ശ്രീകണ്ഠപുരം ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി ആ മുൻഗണനാ പട്ടികയിൽ നിന്നും മാറി Out of turn priority-യിൽ ഈ വർഷം തന്നെ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ശ്രീ. കെ. സി. ജോസഫ് ഇവിടെ പറഞ്ഞ ശ്രീകണ്ഠപുരം കോടതി ഗവൺമെന്റിന്റെ പ്രയോറിറ്റി ലിസ്റ്റിൽ ഉണ്ട്. ഈ കോടതിയുടെ ഇന്നത്തെ പ്രയോറിറ്റി 11-ാമതാണ് എന്നുള്ളത് മാറി, നേരത്തെ ആരംഭിക്കുന്നതിനുവേണ്ടി ഹൈക്കോടതിയുടെ അനുമതി തേടിയിരിക്കുകയാണ്. ഹൈക്കോടതിയുടെ അനുമതി കിട്ടിയാലുടൻ അതിൽ നടപടി സ്വീകരിക്കും. ഹൈക്കോടതിയുടെ അനുമതി കിട്ടാൻവേണ്ടിയുള്ള ശ്രമവും നടത്തുന്നതാണ്.

(4) വടകര വില്യാപ്പള്ളിയിൽ ശരണ്യ എന്ന പെൺകുട്ടിയുടെ ആത്മഹത്യ

ശ്രീ. സി. കെ. നാണു: സർ, ഒരു പ്രദേശത്തെ മുഴുവൻ വേദനയിലാഴ്ത്തിയ സംഭവമാണിത്. വടകരയിലെ വില്യാപ്പള്ളിയിലെ ശങ്കരന്റെ ഇളയ മകളായ, അക്ഷയ കോളേജിൽ പഠിക്കുന്ന ശരണ്യ എന്ന കുട്ടി കഴിഞ്ഞ ജൂൺ മാസം 17-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം ചില കൂട്ടുകാരികളോടൊപ്പം അടുത്തുള്ള കല്ലേരി ക്ഷേത്രത്തിൽ പോയിവരുമ്പോൾ വില്യാപ്പള്ളി ടൗൺ, മുഖ്യമന്ത്രിക്കറിയാം, വൈകുന്നേരം 5 മണിക്കൊക്കെ നല്ല ജനക്കൂട്ടമുള്ള പ്രദേശമാണ്—അവിടെ ഫ്രൂട്ട്സ് കച്ചവടം നടത്തുന്നതിന് വരുന്ന വണ്ടിയിൽ വന്ന ഒരാൾ അതിഹീനമായ വിധത്തിൽ ആളുകൾ കാണത്തക്കവിധത്തിൽ പരസ്യമായി അവളുടെ മാറിൽ പിടിച്ചു. യഥാർത്ഥത്തിൽ ആ ടൗൺ സ്തംഭിച്ചുപോയി. അങ്ങനെ ഒരു സംഭവം ആളുകൾക്ക് വിശ്വസിക്കാൻ സാധിച്ചില്ല. ആളുകൾ പെട്ടെന്നുതന്നെ അതിലെ ഒന്നുരണ്ടുപേരെ വിളിച്ചുകൊണ്ടുപോയി മർദ്ദിച്ചുവെങ്കിലും ആ പെൺകുട്ടി വീട്ടിൽ വന്നശേഷം ശനിയാഴ്ച അവൾ കോളേജിൽ പോയില്ല. 19-ാം തീയതി വൈകുന്നേരം ആ കുട്ടി ആത്മഹത്യ ചെയ്തു. കോരി ചൊരിയുന്ന മഴയത്ത് എല്ലാ രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരും മറ്റുള്ളവരും ആത്മഹത്യ ചെയ്ത കുട്ടിയുടെ വീട്ടിൽ മൗനജാഥയായി പോയി അനുശോചനം അറിയിച്ചു. പോസ്റ്റ്മോർട്ടം നടന്ന അന്ന് പോലീസ് ഞങ്ങളോട് പറഞ്ഞത്, 4 പ്രതികളെ പിടിച്ചു എന്നാണ്. ആ പ്രദേശത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly